# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 –2733298, മൊബൈൽ : 9495119702


2019 മേയ് 26

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ്

## അറിവിന്റെ ലോകം എല്ലാവർക്കും പ്രാപ്യമാകണം: പ്രൊഫ. സാബു തോമസ്

അറിവിന്റെ ലോകം എല്ലാവർക്കും പ്രാപ്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമാകണമെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.സാബു തോമസ് പറഞ്ഞു. എം.ജി. സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർവകലാശാലയുടെ അടിസ്ഥാനപ്രമാണങ്ങളാണ് നീതി, തുല്യത, വ്യത്യസ്തത എന്നിവ. കുറഞ്ഞചെലവിൽ സിവിൽ സർവീസ് പരീക്ഷ പരിശീലനം ലഭ്യമാക്കാനാണ് സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്. ഏറ്റവും മികച്ച അധ്യാപകരെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. കൃത്യവും സൂക്ഷ്മവുമായ പത്രവായന സിവിൽ സർവീസ് നേടുന്നതിന് അനിവാര്യമാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ കോട്ടയം സബ് കളക്ടർ ഇഷ പ്രിയ പറഞ്ഞു. പാഠപുസ്തകങ്ങളിൽ നിന്നുകിട്ടാത്ത പല അറിവുകളും നിരന്തരമായ പത്രവായനയിലൂടെ ഒരാൾക്ക് ലഭിക്കുന്നുണ്ടെന്നും വിദ്യാർഥികൾ എഡിറ്റോറിയൽ പേജിൽ വരുന്ന ലേഖനങ്ങൾ നിർബന്ധമായും വായിക്കണമെന്നും അത്തരത്തിലുള്ള പത്രവായന ആദ്യ ശ്രമത്തിൽ തന്നെ സിവിൽ സർവീസ് നേടാൻ തന്നെ സഹായിച്ചുവെന്നും ഇഷ പറഞ്ഞു.

സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് അധ്യക്ഷത വഹിച്ചു. എ.എൽ.എസ്. സിവിൽ സർവീസ് അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടർ ജോജോ മാത്യു, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ആർ.എസ്. സന്ധ്യ, അക്കാദമിക് കൺസൾട്ടന്റ് ഡോ. ഗിരീഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ്, മുൻ കേന്ദ്ര ഐ.ബി. ഓഫീസർ ഡോ. രാജശ്രീ തമ്പി, കേരള സ്റ്റേറ്റ്സിവിൽ സർവീസ് അക്കാദമി മുൻ ചീഫ് കോ ഓർഡിനേറ്റർ ഡോ. ഗംഗാധരൻ നായർ എന്നിവർ ക്ലാസെടുത്തു.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ./39/934/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ